വിദ്യാർത്ഥി സംഘട്ടനം ഒഴിവാക്കൽ നടപടി

* 772 [840] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാർത്ഥിസംഘട്ടനം ഒഴിവാക്കാൻ എന്തെല്ലാം നടപടിക്രമം സ്വീകരിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ട്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

വിദ്യാർത്ഥി സംഘട്ടനം ഒഴിവാക്കാൻ നിലവിലുള്ള സംവിധാനം തികച്ചും തൃപ്തികരമാണ് എന്നാണ് ഗവൺമെൻറ് കരുതുന്നത്. ആയതുകൊണ്ട് ഇക്കാര്യത്തിൽ കൂടുതലെന്തെങ്കിലും തൽക്കാലം ചെയ്യണമെന്നു തോന്നുന്നില്ല.

ട്രഷറിയിലെ കാലതാമസം

* 773 [841] ശ്രീ. കെ. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടതി വിധിയുടെ അടിസ്ഥാനത്തിൽ കക്ഷികൾക്കു കിട്ടേണ്ട തുകകൾ ട്രഷറികളിൽ അടച്ചിട്ട് മാസങ്ങൾ കഴിഞ്ഞാലും ആയതിന്റെ അറിയിപ്പ് ട്രഷറികളിൽ നിന്ന് കോടതികൾക്ക് ലഭിക്കാതിരിക്കുന്നതിനാൽ കക്ഷികൾക്ക് പണം ലഭിക്കുവാൻ വളരെയധികം കാലതാമസം ഉണ്ടാവുന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ കാലതാമസം ഒഴിവാക്കാൻ നിർദ്ദേശം കൊടുക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

പ്രൈമറി വിദ്യാഭ്യാസത്തിന് പ്രത്യേക ഡയറക്ടറേറ്റ്

* 774 [843] ശ്രീ. പി. ശങ്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി വിദ്യാഭ്യാസത്തിനും അനൗപചാരിക വിദ്യാഭ്യാസത്തിനും ഒരു പ്രത്യേക ഡയറക്ടറേറ്റ് വേണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത്തരമൊരു നിർദ്ദേശത്തെപ്പറ്റി സർക്കാരിന്റെ അഭിപ്രായമെന്താണ്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) ഉണ്ട്.

(ബി) അഭിപ്രായം രൂപീകരിച്ചു കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly